(4) 1996-ലെ കേരള (പട്ടികജാതി ഗോത്രവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള (പട്ടികജാതി ഗോത്രവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള (പട്ടികജാതി ഗോത്രവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2 മുതൽ 30 വരെയുള്ള വകുപ്പുകൾ

2 മുതൽ 30 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 30 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1996-ലെ കേരള (പട്ടികജാതി ഗോത്രവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബിൽ അവതരിപ്പിക്കേണ്ട മന്ത്രി ഇവിടെ ഇല്ല. മന്ത്രി ഉണ്ടായിരിക്കേണ്ടതാണ്. ഇത് നമ്മൾ പാസ്സാക്കുകയല്ലേ? ബിൽ നടപ്പിലാകുമ്പോൾ സർട്ടിഫിക്കറ്റിന്റെ കാര്യം പറയണ്ടേ? ബിൽ നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ അവതരിപ്പിക്കേണ്ട മന്ത്രി ഇല്ല, ശ്രീ. പന്തളം സുധാകരനായിരുന്നു ഈ ബിൽ അവതരിപ്പിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബസ് പോയതിനുശേഷം കൈ കാണിച്ചിട്ട് കാര്യമുണ്ടോ? ഇത് ഇൻട്രൊഡ്യൂസ് ചെയ്യുമ്പോഴേ പറയേണ്ടതായിരുന്നു. പാസ്സാക്കുന്ന സമയത്താണോ ഇത് പറയേണ്ടത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇതൊരു പ്രധാനപ്പെട്ട ബില്ലാണ്. ഞങ്ങളെല്ലാവരും ചേർന്ന് അതിനെ പാസ്സാക്കാൻ തുടങ്ങുകയാണ്. മൂന്നാം വായനയിൽ അഭിപ്രായം പറയാൻ അനുവദിക്കുന്നില്ലെങ്കിൽ വേണ്ട. ബിൽ നടപ്പിൽ വരുന്നതിനെ അനുകൂലിക്കുന്നു. അതുകൊണ്ടാണ് ഭേദഗതികളൊന്നും അവതരിപ്പിക്കാതിരുന്നത്. ബില്ലിൽ ചില ബുദ്ധിമുട്ടുകൾ വരാതിരിക്കാൻവേണ്ടി പറയുന്നതാണ്. ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് സ്ക്രീനിംഗ് കമ്മിറ്റി, സ്ക്രൂട്ടിനി കമ്മിറ്റി, എക്സ്പെർട്ട് കമ്മിറ്റി എന്നീ മൂന്നു കമ്മിറ്റികൾ നിലവിൽ വരും. സ്ക്രീനിംഗ് കമ്മിറ്റിയുടെ ജോലി ഏതെങ്കിലും ഒരു സർട്ടിഫിക്കറ്റിനെ സംബന്ധിച്ചാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഒരു സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് ആദ്യം അപേക്ഷ കൊടുക്കേണ്ടത് എക്സ്പെർട്ട് കമ്മിറ്റിയാണ്. അതിനുശേഷം കൊടുക്കുന്നതു സംബന്ധിച്ചുള്ള വെരിഫിക്കേഷൻ സ്ക്രീനിംഗ് കമ്മിറ്റിക്കയക്കും. സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചതിനുശേഷം ആരാണോ നിയമിക്കുന്നത് നിയമിക്കുന്നയാളിന് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അതു സംബന്ധിച്ച് ആ കമ്മിറ്റി പരിശോധിച്ച് സ്ക്രീനിംഗ് കമ്മിറ്റിയുടെ തീരുമാനം വരെ നടപ്പിലാക്കാൻ തടസ്സമില്ല. പക്ഷെ ഇതിൻമേലുള്ള ഫസ്റ്റ് അപ്പീൽ കളക്ടറുടെയാണ്. കമ്മിറ്റിയുടെ തീരുമാനത്തിൻമേൽ പതിനഞ്ചു ദിവസത്തിനകം അപ്പീൽ കൊടുക്കണമെന്നാണ് വ്യവസ്ഥ. ബിൽ പാസ്സായി എങ്കിലും 15 ദിവസം കൂടുവാണ്. 15 ദിവസത്തിനകം ഗവൺമെൻറിന് അപ്പീൽ കൊടുക്കണമെന്നുള്ളതാണ് വ്യവസ്ഥ. പാവപ്പെട്ട ആളുകൾക്ക് 15 ദിവസത്തിനകം ഇതിൻറെ കോപ്പി വാങ്ങി ഗവൺമെൻറിന് കൊടുക്കാൻ കഴിയുമോ? പട്ടികജാതി-പട്ടികവർഗ്ഗക്കാരാണ്. നിങ്ങൾ അനുവദിച്ചിരിക്കുന്ന ഡേറ്റ് ഓഫ് ഓർഡർ അനുസരിച്ച് 15 ദിവസമേയുള്ളൂ. പതിനഞ്ചിൽനിന്നും മുപ്പതു ദിവസമെങ്കിലും ആക്കേണ്ടതാണ്. അക്കാര്യം നിങ്ങളോടു പറയാൻവേണ്ടി വിളിച്ചപ്പോൾ ആളില്ലായിരുന്നു. 15 ദിവസമെന്നു പറയുന്നത് വളരെ കുറഞ്ഞ കാലയളവാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ഭാവിയിലും ഇത്തരം ഭേദഗതികൾ വേണ്ടിവരും. ഈ നിയമത്തെ പൂർണ്ണമായും നടപ്പിലാക്കാനായി ഞാൻ സ്വാഗതം ചെയ്യുന്നു.

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞ നിർദ്ദേശം സ്വാഗതാർഹമാണ്. കൃത്രിമം നടക്കുന്നത് തടയുന്നതിനുവേണ്ടിയാണ് മുപ്പതു ദിവസമെന്നുള്ളത് പതിനഞ്ചാക്കി മാറ്റിയത്. ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

1996-ലെ കേരള (പട്ടികജാതി-പട്ടികവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly